**Feb: 19**

സഖാക്കളെ,

വിഷയം: **Staff Health Insurance**

**Staff Health** ഇൻഷുറൻസിന്റെ കാലാവധി ഫെബ്രുവരി 19 ന് അവസാനിക്കുകയാണ്. അത് പുതുക്കുന്നതിന് വേണ്ടി കഴിഞ്ഞ കുറച്ചു ദിവസമായി ചർച്ചകൾ നടന്നു വരികയായിരുന്നു. നമ്മുടെ ബാങ്കിൽ, **Staff Health** ഇൻഷുറൻസ് കവറേജിന് പുറമെ **additional top up** സൗകര്യം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം വർക്ക്മെൻ ജീവനക്കാർക്ക് 4 ലക്ഷവും ഓഫീസർമാർക്ക് 5 ലക്ഷവും മാത്രമായിരുന്നു **additional** കവറേജ് ലഭ്യമായിരുന്നത്. ഇത്തവണ വർക്ക്മെൻ, ഓഫീസർ എന്നീ വേർതിരിവ് വേണ്ടതില്ല എന്നും 4 ലക്ഷം, 5 ലക്ഷം മാത്രം നൽകി വരുന്ന അഡീഷണൽ കവറേജ് വിവിധ സ്ലാബുകളിൽ 4 ലക്ഷം, 5 ലക്ഷം, 8 ലക്ഷം, 10 ലക്ഷം എന്നിങ്ങനെ അനുവദിക്കണം എന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ആവശ്യവും സൗകര്യവും ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അനുകൂലമായാണ് പ്രതികരിച്ചത്. നാളെത്തന്നെ **top up** സൗകര്യത്തിന്റെ പ്രീമിയം തുക നമ്മെ അറിയിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ലഭ്യമാകുന്ന കവറേജ് ന്യായമായ പ്രീമിയം തുകയിൽ ലഭ്യമാവുന്നതിനാൽ ജീവനക്കാർ പരമാവധി ഈ സൗകര്യം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പരമാവധി ജീവനക്കാർ ഇത് ഉപയോഗപ്പെടുത്തുകയാണെങ്കിൽ വരുംവർഷങ്ങളിലും **top up** സൗകര്യത്തിന്റെ ഗുണഭോക്താക്കൾ നമ്മൾ തന്നെയായിരിക്കും.

ജനറൽ സെക്രട്ടറി
**KGBEU OU**